HON'BLE MR. T. M. VARGHESE : ഇങ്ങനെ പ്രൈവറ്റ് ബസ്സുടമസ്ഥന്മാർ ട്രാൻസ്പോർട്ട് അധികൃതന്മാർ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ഇവർ ചേർന്ന ഒരു കാൺഫറൻസ് നടത്തിയിട്ടുണ്ട്. ആ കാൺഫറൻസിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും മേശപ്പുറത്തുവച്ചിട്ടുണ്ട്.

MR. P. K. KUNJU : എത്ര ബസ്സുടമസ്ഥന്മാരെ ആ കാൺഫറൻസിൽ ക്ഷണിക്കപ്പെട്ടിരുന്നു എന്നു പറയാമോ ?

HON'BLE MR T. M. VARGHESE : അറിയപ്പെട്ട എല്ലാ ബസ്സുടമസ്ഥന്മാരെയും ക്ഷണിച്ചിരുന്നു. ചിലരെ വിളിച്ചിട്ടില്ലായിരിക്കാം. അതു വിളിക്കേണ്ട ആവശ്യമില്ലെന്നു കരുതിയല്ല. ഗവണ്മെൻറിൻെറ അറിവിൽപ്പെട്ട എല്ലാവരെയും വിളിച്ചിട്ടുണ്ട്. ഒന്നോരണ്ടോപേർ ക്ഷണിക്കപ്പെട്ടവരുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുണ്ടോ എന്നു നിശ്ചയമില്ല.

MR. P. K. KUNJU : ഏകദേശം പേരെ മാത്രമാണ് ക്ഷണിച്ചിരുന്നതെന്ന് അറിയാമോ?

HON'BLE MR. T. M VARGHESE : എത്ര പേരെയാണു വിളിച്ചിരുന്നതെന്നതന്നെ ഇപ്പോൾ നിശ്ചയമില്ല. കഴിവുള്ള എല്ലാ പേരെയും ക്ഷണിച്ചിട്ടുണ്ടെന്നാണ് ഗവണ്മെൻറിൻെറ വിശ്വാസം, അതാണു ബോദ്ധ്യവും. എന്തെങ്കിലും ആളുകളെ ക്ഷണിക്കാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതുകൊണ്ട് ഉണ്ടായിട്ടുള്ള കുറവുനികത്താൻ അവരെക്കൂടി അടുത്തുകൂടുന്ന ഇതുപോലെയുള്ള കാൺഫറൻസുകളിൽ ക്ഷണിക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണ്.

MR. P. K. KUNJU : കമ്പനി ഉടമസ്ഥന്മാരെയും വിളിച്ചിട്ടില്ലെന്നു അറിയാമോ ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO (*Kottayam II General*) : ഗവണ്മെൻറിൻെറ അറിവിൽപെടാത്ത ബസ്സുടമസ്ഥന്മാർ ഉണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ട്. ക്ഷണിക്കപ്പെടേണ്ടവരായി അറിയപ്പെട്ടവർ എന്നാണ് പറഞ്ഞതു്. ഒറ ഒറ ബസ്സുടമസ്ഥന്മാർ വേറെ ഉണ്ടായിരിക്കും.

Scindia Steam Navigation Co.

8. MR. T. K. NARAYANA PILLAI (*Parur II—General*) : Will the Honourable Minister for Export and Import be pleased to state :

(*a*) whether any agreement or contract has been entered into with the Scindia Steam Navigation Co., regarding transport by water ; and

(*b*) if so, the terms of such agreement or contract ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : (*a*) No. (*b*) Does not airse in view of reply to (a).

MR. K. A. MUHAMMED : ഗവണ്മെൻറിന് ഒന്നോ രണ്ടോ സ്ക്കൂണർ ഉണ്ടായിരുന്നല്ലേ ?

HON'BLE MR. A. THANU PILLAI : ആ ചോദ്യം ഇതിൽനിന്നു വരുന്നില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : സിൻഡ്യാസ്റ്റീം നാവിഗേഷൻ കമ്പനി എന്ന പേരിൽ ഒരു കമ്പനി ഇവിടെ ഉണ്ടോ ?

HON'BLE MR. A. THANU PILLAI : ആ കമ്പനി ലോകമൊട്ടുക്കു പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. ഇവിടെ മാത്രമുള്ളതല്ല.

Price of food Grains.

19. MR. ABDUL AZIZ : (*Trivandrum I—Muslim*) : Will the Honourable Minister for Food be pleased to state ;

(*a*) on what basis did the Government recently raise the control price of foodgrains ;

(*b*) whether this was intended to relieve the Government of its loss or to benefit the people ;

(*c*) whether the Government are aware that the blackmarket price is shooting up every day since the raising of the control price;

(*d*) what further steps do Government propose to take to stop black-marketing.

HON'BLE MR. A. THANU PILLAI : (*a*) The price was raised to compensate to some extent the loss of Government in the purchase and sale of rice.

(*b*) The price is fair to the consumer and to the Government.

(*c*) No.

(*d*) To exercise greater control over the retail and wholesale distributors of rationed foodgrains they have been asked to furnish enhanced security. The Inspecting Officers have also been directed to take stringent action against black-marketing.

MR. ABDUL AZIZ : ഈ നഷ്ടം പരിഹരിക്കുന്നതിന് വേണ്ടി ഇനകീയ ഗവണ്മെൻറ് വരുന്നതിൻ മുൻപുള്ള ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തിയിരുന്നുവോ ?

HON'BLE MR. A. THANU PILLAI : മുൻപിലത്തെ ഗവണ്മെൻറ് ഈ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly